## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4214** **18-07-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിൽ നിന്ന് സാങ്കേതിക സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിൽ ഇന്റേൺസിനെ നിയമിച്ചതോടെ സാങ്കേതിക പരിജ്ഞാനം ഉള്ളവരുടെ എണ്ണം വളരെ കൂടിയിരിക്കുന്ന സാഹചര്യത്തിൽ നിലവിലെ സേവനം (സബ്സിഡി നൽകൽ) കൂടാതെ സാങ്കേതിക സേവനങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ? | (എ) | ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേണുകളെ നിയോഗിച്ചിട്ടുണ്ട്. ബോധവത്കരണ പരിപാടികൾ നടത്തുക, ലോൺ/ ലൈസൻസുകൾ ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഇവർ മുഖേന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022-23 സംരംഭകവർഷത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.<br><br>സംരംഭകവർഷത്തിന്റെ ഭാഗമായും അല്ലാതെയും സംരംഭകർക്കുള്ള വിവിധ സാങ്കേതിക സേവനങ്ങൾ വ്യവസായ വകുപ്പ് ചെയ്തു വരുന്നുണ്ട്. പുതിയ സംരംഭകർക്കും നിലവിൽ സംരംഭം ചെയ്യുന്നവർക്കും ജില്ലാ തലത്തിൽ നടത്തി വരുന്ന ടെക്നോളജി ക്ലിനിക്കുകൾ, അന്താരാഷ്ട്ര ലേബർ ഓർഗനൈസേഷന്റെ പരിശീലന മൊഡ്യൂൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകൾ എന്നിവ സംരംഭകർക്ക് നൽകുന്ന സാങ്കേതിക പരിശീലനങ്ങളാണ്. വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ വിദഗ്ദരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി ടി ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിച്ചുകൊണ്ട് സംരംഭകർക്ക് പ്രൊഫഷണൽ സേവനം ഉറപ്പാക്കിയിട്ടുണ്ട്. സേവനങ്ങളും മറ്റുവിവരങ്ങളും സംരംഭകരിൽ |

| | | | |
|---|---|---|---|
| | | | എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പ്രചാരണം ആരംഭിച്ചിട്ടുണ്ട്.<br><br>വിവരസാങ്കേതിക വിദ്യക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് വ്യവസായ വകുപ്പ് നൽകിവരുന്ന വിവിധ സേവനങ്ങളും പദ്ധതികളും ഓൺലൈൻ വഴിയാക്കിയിട്ടുണ്ട്. സംരംഭക സഹായ പദ്ധതി ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള അപേക്ഷകൾ ഓൺലൈൻ മുഖേനയാണ് സ്വീകരിക്കുന്നത്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റും, ജില്ലാ വ്യവസായ കേന്ദ്രങ്ങളും താലൂക്ക് വ്യവസായ ഓഫീസുകളും, സിഎഫ്സി -കളും പൂർണ്ണമായും ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറിയിട്ടുണ്ട്.<br><br>ഇതു കൂടാതെ സാങ്കേതിക സർവകലാശാലയുമായി സംയോജിച്ച് സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി പുതിയ ഒരു പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. ഇതനുസരിച്ച് സംരംഭങ്ങളിലെ സാങ്കേതിക തലത്തിലും മാനേജ്മെന്റ് തലത്തിലും പരിഹരിക്കേണ്ട വിഷയങ്ങൾ കണ്ടെത്തി അവ സാങ്കേതിക സർവകലാശാല വഴി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പായി നൽകുകയും അവ പരിഹരിക്കുന്നതിനുള്ള നടപടി ഇന്റേൺഷിപ്പിന്റെ ഭാഗമായി സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ